## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3046** **10.12.2018-ൽ മറുപടിയ്ക്ക്**

# പുതിയ നിർമ്മാണ രീതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.പി.വി. അൻവർ**<br>**ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീ.ജെയിംസ് മാത്യു** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങളിൽ യഥാസ്ഥിത സാങ്കേതികവിദ്യക്കും നവീന സാങ്കേതിക വിദ്യക്കും തുല്യപ്രാധാന്യം നൽകി പുതു നിർമ്മാണരീതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകാൻ പരിപാടിയുണ്ടോ; | (എ) പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങളിൽ യാഥാസ്ഥിത സാങ്കേതിക വിദ്യയ്ക്കും നവീന സാങ്കേതിക വിദ്യയ്ക്കും തുല്യ പ്രാധാന്യം നൽകികൊണ്ടുള്ള പുതിയ നിർമ്മാണ രീതി നടപ്പിലാക്കി വരുന്നു. ജർമ്മൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമമാണം ഇതിനുദാഹരണമാണ്.<br>പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ബിൽഡിംഗ് ഡിസൈൻ, ബ്രിഡ്ജ്സ് ഡിസൈൻ, ഹൈവേ ഡിസൈൻ എന്നിയുടെ റീജിയൺ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.<br>പുതിയ സാങ്കേതിക വിദ്യകൾ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനായി ഉദ്യോഗസ്ഥർക്ക് ഇന്ത്യയിലെ തെരഞ്ഞെടുത്ത പ്രമുഖ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഓരോ വർഷവും 10% ജീവനക്കാർക്കെങ്കിലും പരിശീലനം നൽകി വരുന്നു. കൂടാതെ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. സാങ്കേതിക മേഖലയിലെ പുത്തൻ അറിവുകൾ ലഭ്യമാക്കാൻ വർഷവും എഞ്ചിനീയേഴ്സ് കോൺഗ്രസ് നടത്തി വരുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം സംഘടിപ്പിച്ച് വരുന്ന എഞ്ചിനീയേഴ്സ് കോൺഗ്രസ് ദേശീയ സാങ്കേതിക കൂട്ടായ്മയെന്ന നിലയിലേക്ക് | (ബി) ഈ സർക്കാർ അധീകാരത്തിൽ വന്ന ഉടനെ വകുപ്പിലെ മുഴുവൻ എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി ഒന്നാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 2016 ജൂലൈ മാസം 9 – നം |

വളർത്തിയെടുക്കാൻ പദ്ധതിയുണ്ടോ;

രണ്ടാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 2017 സെപ്റ്റംബർ 30 - നും മൂന്നാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 28/07/2018 - നും നടത്തുകയുണ്ടായി. സാങ്കേതിക രംഗത്തെ മാറ്റങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഇവിടെ ചർച്ച ചെയ്തു. ഇത് ഒരു ശ്രദ്ധേയമായ വാർഷിക ദേശീയ സാങ്കേതിക കൂട്ടായ്മയായി വളർത്തിയെടുക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

(സി) പ്രളയം, അതിവർഷം എന്നിവയെ അതിജീവിക്കുന്നതും ചെലവു കുറഞ്ഞതുമായ കെട്ടിട നിർമ്മാണ രീതി ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി പൊതു കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഇത്തരം സാങ്കേതിക വിദ്യയും നിർമ്മാണ രീതിയും പ്രയോഗിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതു കെട്ടിടങ്ങളുടെ പ്രത്യേകിച്ചും ഓഫീസ് കെട്ടിടങ്ങൾ ഇപ്പോൾ നിർമ്മിച്ചു വരുന്നത് ഭൂകമ്പത്തെപ്പോലും പ്രതിരോധിക്കുന്ന വിധത്തിലാണ്. മണ്ണിടിച്ചിൽ ഉണ്ടാവാത്ത പക്ഷം ഇവ പ്രളയം, അതിവർഷം എന്നിവയെ അതിജീവിക്കുന്നതുമാണ്. ചെലവു കുറഞ്ഞ നിർമ്മാണരീതി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഇപ്പോൾ ചെയ്തു വരുന്നില്ല.

(ഡി) കരിങ്കൽ, മണൽ തുടങ്ങിയ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും അവയുടെ ഖനനം പ്രകൃതിയിൽ ഏല്പിക്കുന്ന ആഘാതവും പരിഗണിച്ച് താരതമ്യേന പ്രകൃതി സൗഹൃദപരമായ നിർമ്മാണ രീതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ഡി) പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്കായി പരിസ്ഥിതി സൗഹൃദ നിർമ്മാണ വസ്തുക്കളായ കയർ,ജിയോടെക്സ്റ്റയിൽ, NRMB ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, എന്നിവ നിർമ്മാണ മേഖലയിൽ ഉപയോഗിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ